കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 9, വ്യാഴം

വാല്യം: 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 2000 മാർച്ച് മാസം 9-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ...ഓർഡർ...ചോദ്യം നമ്പർ 391...

പിന്നോക്ക സമുദായങ്ങൾക്ക് ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചില്ലെന്ന പരാതി

1 (*391) ശ്രീ. പി. ജെ. ജോയി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായങ്ങൾക്ക് അവർ നടത്തുന്ന കോളേജുകളിൽ നിർത്തലാക്കിയ പ്രീഡിഗ്രി സീറ്റുകൾക്ക് തുല്യം പ്ലസ് ടു സീറ്റുകൾ ലഭിക്കത്തക്ക വിധത്തിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ പരാതിപ്പെട്ടവർ ആരെല്ലാമാണ് ;

(സി) ഈ വിഭാഗങ്ങൾക്ക് ഈ കോഴ്സോ, ഈ കോഴ്സ് നടത്താൻ പുതിയ സ്കൂളുകളോ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഇതിന് എപ്രകാരം പരിഹാരം കാണാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഉണ്ട്.

(ബി) മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റി (എം. ഇ. എസ്) എസ്.എൻ.ഡി.പി. യോഗം ഇവരാണ് പരാതിപ്പെട്ടത്.

(സി&ഡി) ഈ വിഭാഗങ്ങൾക്ക് അർഹമായ വിധത്തിൽ പ്ലസ് ടൂ കോഴ്സ് അനുവദിച്ചിട്ടുണ്ട്. എങ്കിലും ഡിലിങ്ക് ചെയ്യപ്പെട്ട പ്രീഡിഗ്രി സീറ്റുകൾക്ക് ആനുപാതികമായി പ്ലസ് ടൂ അനുവദിച്ചിട്ടില്ലെന്ന് എസ്.എൻ.ഡി.പി.യും മുസ്ലിം സമുദായത്തിന് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന് എം.ഇ.എസും പരാതിപ്പെടുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ഇനിയും എന്തെങ്കിലും പരാതി അവശേഷിക്കുന്നുണ്ടെങ്കിൽ അടുത്ത അദ്ധ്യയനവർഷം കൂടുതൽ പ്ലസ് ടൂ അനുവദിക്കുമ്പോൾ ഇക്കാര്യം പരിശോധിച്ച് നടപടികൾ എടുക്കുന്നതാണ്.

ശ്രീ. പി. ജെ. ജോയി : സർ, 1999-2000 അദ്ധ്യയനവർഷത്തിൽ തുടങ്ങാൻ വേണ്ടി 1998-99 അദ്ധ്യയനവർഷത്തിൽ എത്ര പ്ലസ് ടൂ സ്കൂളുകൾ ഈ രണ്ട് വിഭാഗങ്ങൾക്കും അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ; അന്ന് അവരുടെ പരാതികൾ കിട്ടിയിരുന്നോ ; ആ പരാതിക്ക് അടുത്ത വർഷം പരിഹാരം കാണാമെന്ന് ഈ സർക്കാർ അവർക്ക് വാക്ക് കൊടുത്തിരുന്നോ ; അത് നടപ്പിലാക്കാൻ തയ്യാറായിട്ടുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഞാൻ ആ കണക്കുകളൊക്കെ ഒരു പ്രാവശ്യം ഇവിടെ പറഞ്ഞതാണ്. ഇപ്പോൾ 524 പ്ലസ് ടൂ സ്കൂളുകളാണ് നിലവിലുള്ളത്. അതിൽ ഗവൺമെന്റിന്റേത് 256-ഉം പ്രൈവറ്റ് എയിഡഡ് 260-ഉം അൺ എയ്ഡഡ് എട്ടുമാണ്. അതിൽ മുസ്ലീം സമുദായത്തിന് ഇപ്പോൾ 44 പ്ലസ് ടൂ സ്കൂളുകളുണ്ട്. ഈഴവ മാനേജുമെന്റിന് 40 പ്ലസ് ടൂ സ്കൂളുകളുണ്ട്. പരാതികൾ ഉന്നയിച്ചിരുന്നു. പക്ഷേ, ആനുപാതികമായി ഏതെങ്കിലുമൊരു പ്രത്യേക സമുദായത്തിന് കൂടുതൽ പ്ലസ് ടൂ കൊടുത്തിട്ടുണ്ടെന്നുള്ളത് ശരിയല്ല. ആനുപാതികമായി ഏറ്റവും കൂടുതൽ സ്കൂളുകൾ കൊടുത്തിട്ടുള്ളത് ഈഴവ സമുദായം നടത്തുന്ന സ്കൂളുകൾക്കാണ്. 40 ശതമാനം. ക്രിസ്ത്യൻ മാനേജ്മെന്റുകൾക്ക് 15 ശതമാനം കൊടുത്തിട്ടുണ്ട്.

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ ചോദിച്ചത് കഴിഞ്ഞ വർഷം പരാതി ഉണ്ടായിരുന്നോ ; ആ പരാതി പരിഹരിക്കാൻ തയ്യാറായിരുന്നോ ? കാരണം ഈ വർഷം പരാതിയുണ്ടായിരുന്നു. അടുത്ത വർഷം പരിഹരിക്കുമെന്ന് അങ്ങ് പറഞ്ഞു. കഴിഞ്ഞവർഷം പറഞ്ഞ പരാതി പരിഹരിച്ചിട്ടുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്. ഈ പിന്നോക്ക വിഭാഗങ്ങൾക്കുള്ള പരാതി വളരെ ലൈവായി നിൽക്കുന്നു എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ഈ സാഹചര്യത്തിൽ അൺ എയ്ഡഡ് സ്കൂളുകൾക്കുകൂടി പ്ലസ് ടൂ അനുവദിച്ച് അവരുടെ പരാതിക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമോ ; ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ ഇതിനുവേണ്ടി അപേക്ഷ ക്ഷണിച്ചിട്ടുണ്ടെന്ന് പറഞ്ഞ് പത്രങ്ങളിൽ വായിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റിന് ഇക്കാര്യത്തിലുള്ള നയമെന്താണ് ; പിന്നോക്ക വിഭാഗങ്ങൾക്ക് മാത്രമല്ല പിന്നോക്ക വിഭാഗങ്ങൾ അടക്കം അൺ എയ്ഡഡ് സ്കൂളുകൾക്ക് പ്ലസ് ടൂ, അനുവദിക്കുന്ന ഒരു നയം വച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, അൺ എയിഡഡ് സ്കൂളുകളുടെ മാത്രം പരാതി പരിഹരിക്കാൻ കഴിയില്ല. അപേക്ഷകൾ ഓരോന്നായിട്ടാണ് പരിശോധിക്കുന്നത്. ഓരോ അപേക്ഷയും പരിശോധിച്ച് അതിൻമേൽ തീരുമാനമെടുക്കും.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, പ്ലസ് ടൂ അനുവദിച്ചതു സംബന്ധിച്ച് വിവിധ വിഭാഗങ്ങളിൽനിന്നും ഉയർന്ന പരാതിയുടെ വെളിച്ചത്തിൽ ശാസ്ത്രീയമായ സർവേ നടത്തി നിയോജകമണ്ഡലത്തിൽ ഇത്രവീതം പ്ലസ്ടൂ അനുവദിക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, നിലവിലുള്ള കോളേജുകളിൽ നിന്നാണ് പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്യുന്നത്. നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ലസ് ടൂ അനുവദിക്കുക എന്നുള്ളതാണ് ഇതിൽ എടുത്തിട്ടുള്ള തീരുമാനം. നിലവിലുള്ള കോളേജുകളുടെ സമീപം, അതിനായിരിക്കും ഏറ്റവും മുൻഗണന. തിരുവനന്തപുരം സിറ്റിയിലുള്ള കോളേജുകളിൽനിന്നും പ്രീഡിഗ്രി ഡിലിങ്ക് ചെയ്യുമ്പോൾ ഈ മേഖലയ്ക്ക്, ഈ ഫീഡിംഗ് ഏരിയാസിന് കൂടുതലായി പ്ലസ് ടൂ കിട്ടണം. 166 കോളേജുകളുള്ളതിൽ കേരളത്തിലെ 166 കോളേജുകളിൽനിന്നും പ്രീ-ഡിഗ്രി ഡിലിങ്ക് ചെയ്യേണ്ടതിൽ 130 കോളേജുകളും പ്രൈവറ്റ് കോളേജുകളാണ്. ബാക്കി ഗവൺമെന്റ് കോളേജുകളാണ്. ഈ കോളേജുകളുടെ ഫീഡിംഗ് ഏരിയാസിലായിരിക്കണം പരമാവധി സ്കൂളുകൾ എന്നതിൽ ഒരു സംശയവുമില്ല. പിന്നെ ബാക്ക്വേർഡ് ഏരിയാസിന് പ്രാധാന്യം കൊടുക്കുന്നുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഇങ്ങനെ ഒരു പരിഗണന എടുക്കാനേ കഴിയില്ല. ഇന്ന് നിലവിലുള്ള കോളേജുകളുടെ ഫീഡിംഗ് ഏരിയാസിനു മുൻഗണന കൊടുക്കേണ്ടിവരും.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, സംസ്ഥാനത്ത് പ്ലസ് ടൂ അനുവദിച്ച ഏതെങ്കിലും സ്കൂളിൽ നിശ്ചിത വിദ്യാർത്ഥികളില്ലാതെ അൺ എക്കണോമിക് വിഭാഗത്തിലാകാനുള്ള സാഹചര്യം ഇന്ന് നിലവിലുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, അത് ചുരുക്കം ചില സ്കൂളുകളിലുണ്ട്. സയൻസ് വിഷയങ്ങളിലാണ് മൂന്നിൽ രണ്ടു ഭാഗവും കൊടുത്തിട്ടുള്ളത്. ഹ്യൂമാനിറ്റീസിലാണ് കുട്ടികൾ കുറെ ചേരാതിരുന്നിട്ടുള്ളത്. മൂന്നു ബാച്ച് അനുവദിച്ചതിൽ രണ്ട് ബാച്ചുണ്ട്. എൺപത്തിനാലായിരം സീറ്റുകൾ അനുവദിച്ചതിൽ ഹ്യൂമാനിറ്റീസിൽ മാത്രമാണ് കുട്ടികൾ കുറഞ്ഞത്. സയൻസ് ബാച്ചിൽ മിക്കവാറും ഫുൾ ആണ്.

ശ്രീ. കെ. സി. ജോസഫ് : സർ, കഴിഞ്ഞ ദിവസവും ഇന്നും അങ്ങ് സഭയിൽ പറഞ്ഞത് അൺഎയ്ഡഡ് സ്കൂളുകൾക്ക് അപേക്ഷകൾ ഓരോന്നായി പരിഗണിക്കുമെന്നാണ്. ഒന്നാമത്തെ വർഷം ഗവൺമെന്റ് സ്കൂളുകളിൽ മാത്രമേ പ്ലസ് ടൂ കൊടുത്തിട്ടുള്ളൂ. പിന്നീട് എയ്ഡഡ് സ്കൂളുകളിൽ കൊടുത്തു. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങയുടെ ഗവൺമെന്റിനെ നിയന്ത്രിക്കുന്ന ഇടതുപക്ഷജനാധിപത്യ മുന്നണി കമ്മിറ്റിയുടെ തീരുമാനമായി പത്രത്തിൽ വായിച്ചത് ഈ വർഷം എന്നല്ല അൺഎയ്ഡഡ് സ്കൂളിന് പ്ലസ് ടൂ ഇല്ലെന്നു തീരുമാനിച്ചതായി അറിയുന്നു. ആ സാഹചര്യത്തിൽ എന്താണ് ഗവൺമെന്റിന്റെ പോളിസി? പിന്നോക്ക വിഭാഗങ്ങളുടെ അൺഎയ്ഡഡ് സ്കൂളിന് എങ്കിലും ഈ വർഷം പ്ലസ് ടൂ കൊടുക്കാൻ നടപടി എടുക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ആദ്യവർഷം അൺഎയിഡഡ് സ്കൂളുകാർ ആരും അപേക്ഷിച്ചിട്ടില്ല. ഇപ്പോൾ അപേക്ഷയുണ്ട്. പക്ഷേ, ഓരോ അപേക്ഷയും പരിശോധിച്ചാണ് ഇൻഡിവിഡ്വൽ കേസിൽ തീരുമാനമെടുക്കുന്നത്. അത് എയ്ഡഡാണോ അൺഎയിഡഡാണോ എന്നുനോക്കിയല്ല തീരുമാനിക്കുന്നത്. ഓരോ അപേക്ഷയും പരിശോധിക്കും.

ശ്രീ. കെ. സി. ജോസഫ് : സർ, ഇപ്പോഴും ഉത്തരം അവ്യക്തമാണ്. അദ്ദേഹം നിസ്സഹായനാണ്. അദ്ദേഹത്തിന് അവ്യക്തമായിട്ടേ ഉത്തരം പറയാൻ സാധിക്കൂ എന്ന് എനിക്കറിയാം. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സമ്പദ്ഘടന വച്ച് നോക്കിയാൽ വിദ്യാഭ്യാസമേഖലയിൽ വീണ്ടും പണം മുടക്കാൻ കഴിയില്ലെന്നാണ് നമ്മുടെ സാമ്പത്തിക സർവേയിൽ പറയുന്നത്. ഗവൺമെന്റ് ആരംഭിച്ച പ്ലസ് ടൂ കോഴ്സിനുപോലും ആവശ്യമായ കെട്ടിടങ്ങളില്ല. സൗകര്യങ്ങളില്ല. ഈ സാഹചര്യത്തിൽ ദയവായി പിടിവാശിയിൽ ഉറച്ചുനിൽക്കാതെ യാഥാർത്ഥ്യം മനസ്സിലാക്കി പ്രീഡിഗ്രി പൂർണ്ണമായും ഡിലിങ്ക് ചെയ്യുന്ന സാഹചര്യത്തിൽ ഈ വർഷം അൺഎയിഡഡ് സ്കൂളുകൾക്കും പ്ലസ് ടൂ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, അതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്തെല്ലാം പ്രതിസന്ധികളുണ്ടായാലും പ്രീഡിഗ്രി പരിപൂർണ്ണമായും ഡീലിങ്ക് ചെയ്തിരിക്കുമെന്നുള്ള തീരുമാനമെടുത്തിരിക്കുകയാണ്.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഏതാണ്ട് എല്ലാ സമുദായങ്ങളും തങ്ങൾക്ക് ലഭിച്ച പ്ലസ് ടൂ അപര്യാപ്തമാണ്, അർഹമായിട്ടുള്ളത് ലഭിച്ചില്ല എന്ന് പരാതി തന്നു. അങ്ങനെ പരാതി പറയാൻപോലും അവകാശമില്ലാത്ത ആൾക്കാരാണ് കേരളത്തിലെ പട്ടികവിഭാഗക്കാർ. അവർക്ക് സ്വന്തമായി സ്കൂളില്ല. എങ്കിൽപ്പോലും പറയട്ടെ അയ്യങ്കാളി വെങ്ങാനൂരിൽ ആരംഭിച്ച സ്കൂളുണ്ട്. ആ സ്കൂൾ ഇപ്പോഴും പ്രവർത്തിക്കുന്നു. എൽ.പി., യു.പി. സ്കൂളുണ്ട്. അത് അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കാനും പ്ലസ് ടൂ അനുവദിക്കാനും വേണ്ടി അപ്ഗ്രഡേഷൻ ഇപ്പോൾ ഇല്ലെങ്കിൽപ്പോലും പ്രത്യേക വിഷയമായി പരിഗണിച്ച് ആ അയ്യങ്കാളി സ്ഥാപിച്ച സ്കൂളിനെ ഹൈസ്കൂളാക്കാനും അവിടെ പ്ലസ് ടൂ അനുവദിക്കാനും അങ്ങ് തയ്യാറാകുമോ ? അവിടെ വേറെ ഹൈസ്കൂൾ ഇല്ലല്ലോ അതുകൊണ്ടാണ് പറയുന്നത്. അങ്ങ് പ്രത്യേകമായി നടപടിയെടുക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ചാത്തന്നൂരിൽ ഒരു സ്കൂളിൽ കഴിഞ്ഞ വർഷം പ്ലസ് ടൂ കൊടുത്തു. അതിന്റെ പേര് കൃത്യമായി ഓർക്കുന്നില്ല. പ്രത്യേകമായി ബോധപൂർവം തന്നെ ചെയ്തതാണ്. ഈ കാര്യത്തിൽ ഹൈസ്കൂൾ അല്ലാത്തതുകൊണ്ട് പ്രത്യേക നോട്ടിഫിക്കേഷൻ വേണം. ഹൈസ്കൂളായിട്ടുവേണം പ്ലസ് ടൂ അനുവദിക്കാൻ. ഇതിന് പ്രത്യേകമായി പരിഗണിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ : സർ, അൺഎയ്ഡഡ് സ്കൂളുകൾക്ക് പ്ലസ് ടൂ കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പറയുന്നതിൽ നിന്ന് എനിക്ക് അറിയേണ്ട വിഷയം എയ്ഡഡ് സ്കൂളുകളിലൊക്കെ അഡ്മിഷന്റെ കാര്യത്തിൽ പട്ടികജാതിക്കാർക്ക് പ്രാതിനിധ്യം ഉണ്ട്. അതുകൊണ്ട് അൺ എയ്ഡഡ് സ്കൂളുകളിൽ എയ്ഡഡ് സ്കൂളുകളിലേതു പോലെയുള്ള അഡ്മിഷനിലെ സംവരണകാര്യം പാലിക്കുമോ ? ആ കുട്ടികൾക്ക് നമ്മുടെ ഗവൺമെന്റ് കൊടുക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകാൻ തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : മേഖല ഏതാണെങ്കിലും അഡ്മിഷന്റെ കാര്യത്തിൽ വ്യത്യാസമുണ്ടാകില്ല. ടീച്ചേഴ്സിന്റെ ക്വാളിഫിക്കേഷനിൽ വ്യത്യാസമുണ്ടാകില്ല. അതെല്ലാ സ്ഥാപനങ്ങൾക്കും ഒരുപോലെയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കിട്ടുന്ന പ്ലസ് ടൂ അപേക്ഷാഫാറങ്ങൾ ഓരോന്നായി പരിശോധിച്ച് അതിന്റെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുത്ത് പ്ലസ്ടൂ കൊടുക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ സമീപനമെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. അങ്ങനെ കിട്ടുന്ന അപേക്ഷാഫോറത്തിൽ ഏതെങ്കിലും ഒരു അപേക്ഷാഫോറം മറ്റെല്ലാ സാഹചര്യങ്ങളും ശരിയാകുകയും എല്ലാ യോഗ്യതകളും ഉണ്ടാവുകയും ചെയ്താൽ അൺ എയ്ഡഡ് ആണെന്നുള്ള ഒറ്റക്കാരണത്താൽ ആ സ്കൂളിന് പ്ലസ് ടൂ കൊടുക്കാതിരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അങ്ങനെ ഒരു ചോദ്യം ഉദിക്കുന്നില്ല. ഗവൺമെന്റിന് ചില മാനദണ്ഡങ്ങളുണ്ട്. അതനുസരിച്ചേ പ്രവർത്തിക്കുകയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ ചോദിച്ച ചോദ്യം വേറെയാണ്. അങ്ങനെയാണെങ്കിൽ ആ ഗവൺമെന്റിന്റെ മാനദണ്ഡം എന്താണെന്നാണ് എന്റെ ചോദ്യം. എന്റെ ചോദ്യം ഒരു ഗവൺമെന്റിന്റെ നയം ഉണ്ടെങ്കിൽ ആ നയം പറയണം എന്നാണ്. ഗവൺമെന്റിന് ഒരു അഴകൊഴമ്പൻ നയം ആണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ 10+2+3 എന്നുള്ളതായിരുന്നു നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഫോർമുല. അതിപ്പോൾ മാറി സെക്കന്ററിയും ഹയർ സെക്കന്ററിയും കൂടി സെക്കന്ററി വിഭാഗത്തോട് ചേർന്ന് 12+3 ആക്കി. അതാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഇപ്പോഴത്തെ കാഴ്ചപ്പാട്. അങ്ങനെ ആണെങ്കിൽ നമ്മുടെ സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗങ്ങൾ ഒരുമിച്ച് വന്നപ്പോൾ പ്രീഡിഗ്രിയുമായി ലിങ്ക് ചെയ്യാതെ പ്ലസ് ടൂ വിഭാഗം എല്ലാ ഹൈസ്കൂളുകളിലും കൊടുക്കുക എന്നുള്ളതാണ് സാമാന്യ മര്യാദ, അങ്ങനെ സെലക്ടീവായി വച്ച് ചില ചില സ്കൂളുകളെ ഒഴിവാക്കാനും താല്പര്യമുള്ള ചില സ്കൂളുകൾക്ക് കൊടുക്കാനുമായി പ്ലസ് ടൂ-നെ ഒരു ആയുധമാക്കി വിനിയോഗിക്കാതെ നമ്മുടെ തുടർവിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്ലസ് ടൂ കൂടി എല്ലാ ഹൈസ്കൂളുകളിലും കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : കേരളത്തിൽ ആകെ 2592 ഹൈസ്കൂളുകളാണ് ഉള്ളത്. മൊത്തം സ്കൂളുകൾ 12000 ആണ്. എൽ.പി. സ്കൂളുള്ള എല്ലായിടത്തും യു.പി. സ്കൂളില്ല. യു.പി. ഉള്ള എല്ലായിടത്തും ഹൈസ്കൂളില്ല. ഹൈസ്കൂൾ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള എല്ലായിടത്തും പ്ലസ് ടൂ ആവശ്യമില്ല. ഇവിടെ അഞ്ചരലക്ഷം കുട്ടികളാണ് പരീക്ഷ എഴുതുന്നത്. അതിൽ പകുതിയേ ജയിക്കുന്നുള്ളൂ. അഞ്ചര ലക്ഷത്തിൽ പകുതി ജയിക്കാതിരുന്നാൽ ഇത്രയും സ്കൂളുകൾ എന്തിനാണ് ? പകുതിപ്പേർക്ക് പഠിച്ചാൽ പോരെ.

ശ്രീ. എം. ദാസൻ : പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുമ്പോൾ ഓരോ പ്രദേശത്തേയും കോളേജുകളിൽ നിന്നും പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിന് അനുസരിച്ച് അതാത് പ്രദേശങ്ങളിലെ സ്കൂളുകളിൽ പ്ലസ് ടൂ അനുവദിക്കാൻ മുൻഗണന കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കോഴിക്കോട് സിറ്റിയിൽ അഞ്ച് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ കോളേജുകളിൽ നിന്ന് പ്രീഡിഗ്രി സീറ്റുകൾ വേർപ്പെടുത്തുമ്പോൾ അത്രയും സ്കൂളുകളിൽ പുതുതായി കോഴിക്കോട് നഗരത്തിൽ തന്നെ പ്ലസ് ടൂ കോഴ്സ് അനുവദിക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : തീർച്ചയായിട്ടും ആ ഒരു സമീപനമായിരിക്കും ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : പ്ലസ് ടൂ-നുവേണ്ടി അപേക്ഷിച്ചിട്ടുള്ളതിൽ ഓരോരോ അപേക്ഷയും പരിശോധിക്കുമ്പോൾ അൺ എയ്ഡഡ് സ്കൂളുകാരുടെ അപേക്ഷകൾ പരിശോധനയ്ക്ക് വരുമ്പോൾ അതിൽ യോഗ്യതയുള്ള ആ അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻസിന് പ്ലസ് ടൂ നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : അതിനെപ്പറ്റി ഒരു മുൻവിധി പറ്റുകയില്ല. ഓരോ കേസും എടുത്ത് ഡിപ്പാർട്ടുമെന്റ് പരിശോധിച്ച് തികച്ചും നിഷ്പക്ഷമായി അക്കാര്യത്തിൽ തീരുമാനം എടുക്കും.

ശ്രീ. കെ. പി. രാജേന്ദ്രൻ : പിന്നോക്കസമുദായങ്ങൾക്ക് ഹയർ സെക്കന്ററി കോഴ്സുകളിലുള്ള പരാതി അടുത്ത വർഷം പരിഹരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിൽ ഞങ്ങളുടെ പ്രദേശങ്ങളിലുണ്ടായ പ്രശ്നം, ധാരാളമായി പിന്നോക്ക സമുദായങ്ങളിലെ ഹൈസ്കൂളുകളുള്ള പ്രദേശമാണ്. അവർക്കൊന്നും അനുവദിച്ചു കിട്ടിയിട്ടില്ല. അതിൽ ഞാൻ മനസ്സിലാക്കിയത്, സംഘടനകളുമായി ബന്ധപ്പെട്ടതല്ല ഈ സ്കൂളുകൾ എന്നാണ്. എന്നാൽ പിന്നോക്ക സമുദായങ്ങൾ പ്രധാനപ്പെട്ട പ്രസ്ഥാനങ്ങളൊക്കെ നടത്തുന്ന വിദ്യാലയങ്ങൾ, നല്ല റിസൾട്ട് ഉള്ള സ്കൂളുകളാണ്. അതുകൊണ്ട് അത് പ്രത്യേകമായി പരിശോധിച്ച് ആ സ്കൂളുകൾക്ക് പ്ലസ് ടൂ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ധാരാളം അപേക്ഷകളുണ്ടായിരുന്നു. കൊടുത്തില്ല എന്നുള്ളത് വസ്തുതയല്ല. എലിജിബിളായിട്ടുള്ള മുഴുവൻ അപേക്ഷകളും സാങ്ഷൻ ചെയ്തിട്ടുണ്ട്. കൃത്യമായി ഫയൽ നോക്കി പറയാം. ഒരെണ്ണം പോലും അവഗണിക്കപ്പെട്ടിട്ടില്ല എന്നുള്ളത് ക്ലിയറാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പിന്നോക്ക സമുദായങ്ങളുടെ സ്കൂളുകളിൽ എലിജിബിളായിട്ടുള്ളവർക്ക് കൊടുത്തിട്ടുണ്ടെന്ന് റിക്കോർഡ് നോക്കി പറയാൻ പറ്റും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : കഴിഞ്ഞ വർഷം പ്ലസ് ടൂ നൽകിയപ്പോൾ ആനുപാതികമായി ഹയർ സെക്കന്ററി സ്കൂളുകൾ കിട്ടിയില്ല എന്നുള്ളത് സംബന്ധിച്ച് എം.ഇ.എസ്.ന്റേയും എസ്.എൻ.ഡി.പി.യുടേയുമാണ് പരാതി ലഭിച്ചത്. പിന്നോക്ക പ്രദേശങ്ങളും മതന്യൂനപക്ഷങ്ങൾ നടത്തുന്ന മാനേജ്മെന്റുകളും നിരവധി പരാതികൾ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികൾ ചർച്ച ചെയ്തിട്ടുണ്ട്. ഈ സന്ദർഭങ്ങളിലെല്ലാം കഴിഞ്ഞ കാലത്തുണ്ടായ അപാകത പരിഹരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും പറഞ്ഞിട്ടുണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇക്കൊല്ലം പ്രീഡിഗ്രി പൂർണ്ണമായി ഡീലിങ്ക് ചെയ്യുന്നതോടുകൂടി അത്തരം ആക്ഷേപം ഇല്ലാതിരിക്കാൻ പൂർണ്ണമായിട്ടും ആ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? അതിന് പ്രത്യേക പരിഗണന നൽകുമോ ?

ശ്രീ. പി. ജെ. ജോസഫ്: പ്രീഡിഗ്രി സീറ്റുകൾ ഡീലിങ്ക് ചെയ്യുന്നതിന് തുല്യമായി ഓരോ സമുദായവും നടത്തുന്ന അവരുടെ സ്കൂളുകളിൽ കൊടുത്തിട്ടുണ്ട്. ഡീലിങ്ക് ചെയ്യുന്നതിന് ആനുപാതികമായി കണക്കുകളുണ്ട്. മുസ്ലീം മാനേജ്മെന്റിന്റെ 14 കോളേജുകളിൽ നിന്നും 32 ബാച്ചുകളിലെ 3072 സീറ്റുകൾ മാറ്റിയപ്പോൾ പ്രസ്തുത മാനേജ്മെന്റ് നടത്തുന്ന 44 സ്കൂളുകളിലായി 150 ബാച്ചുകളിലായി 6600 സീറ്റുകളുണ്ട്. ഹൈന്ദവ മാനേജ്മെന്റ് കോളേജുകളിൽ നിന്നും 122 പ്രീഡിഗ്രി ബാച്ചുകളിൽ 11,792 സീറ്റുകൾ മാറ്റിയപ്പോൾ പ്രസ്തുത മാനേജ്മെന്റിലുള്ള സ്കൂളുകളിൽ 16,500 പ്ലസ് ടൂ സീറ്റുകൾ ലഭ്യമാക്കി. ക്രിസ്ത്യൻ മാനേജ്മെന്റിലെ കോളേജുകളിൽ നിന്നും 192 ബാച്ചുകളിലായി 18,432 സീറ്റുകൾ മാറ്റിയപ്പോൾ പ്രസ്തുത മാനേജ്മെന്റ് നടത്തുന്ന സ്കൂളുകളിൽ 18,000-ത്തിന്റെ സ്ഥാനത്ത് 17,500 സീറ്റുകളാണുള്ളത്. ഈഴവ മാനേജ്മെന്റ് 14 കോളേജുകളിൽ നിന്നും 2700 പ്രീഡിഗ്രി സീറ്റുകൾ മാറ്റിയപ്പോൾ പ്രസ്തുത മാനേജ്മെന്റിലുള്ള 40 സ്കൂളുകളിലായി 7300 സീറ്റുകളുണ്ട്. ഈ പരാതികൾ നൽകിയതിന് മറ്റ് സമുദായങ്ങളുമായി തട്ടിച്ച് നോക്കിയപ്പോൾ ഏതെങ്കിലും പ്രത്യേക സമുദായത്തിന് കൊടുത്തു എന്നുള്ള ആക്ഷേപം ശരിയല്ല. മറിച്ച് പ്ലസ്ടൂ സീറ്റുകൾ വളരെ കുറവുള്ളത് ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളിനാണെന്നുള്ളതിന് കണക്കുകൾ വളരെ വ്യക്തമാണ്. ഇങ്ങനെ ആവർത്തിച്ച് ആവർത്തിച്ച് പറയുകയാണ്. സമുദായം തിരിച്ച് ഈ നിയമസഭയിൽ പറയണ്ട എന്നുള്ളതുകൊണ്ടാണ് ഇത്രയും വൈകിയത്. ആവർത്തിച്ചു പറയുമ്പോൾ, പറയാതിരിക്കുന്നത് ശരിയല്ല. ഇതാണ് വസ്തുത. അതുകൊണ്ട് ഒരു കൊല്ലമായി ഞാൻ പറയാതിരുന്നതാണ്. കണക്കുകൾ ഇല്ലാഞ്ഞിട്ടല്ല. ഇങ്ങനെ വെറുതെ അടച്ച് ആക്ഷേപിക്കുന്നത് ജനങ്ങളൊക്കെ മനസ്സിലാക്കണം. ഇതിന് ഒരു അടിസ്ഥാനവുമില്ല.

ശ്രീ. ടി. കെ. ബാലൻ : ഇവിടെ ബഹുമാനപ്പെട്ട മന്ത്രിതന്നെ സാമുദായിക അടിസ്ഥാനത്തിൽ ഡീലിങ്ക് ചെയ്യപ്പെട്ടിട്ടുള്ള സീറ്റും പ്ലസ് ടൂ കൊടുത്തിട്ടുള്ളതിന്റെയും വിശദമായിട്ടുള്ള കണക്കുകൾ നൽകി. കഴിഞ്ഞ അസംബ്ലിയിലടക്കം ഇത് വലിയ ഒരു ആരോപണം എന്നരൂപത്തിൽ പല ആളുകളും സമുദായത്തിന്റെ വക്താക്കളായി സഭയിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്. അതേ സന്ദർഭത്തിൽ ഇനി കൊടുക്കാൻ

പോകുന്ന പ്ലസ് ടു കോഴ്സിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് സ്കൂളുകൾക്ക് വേണ്ടത്ര പ്രാമുഖ്യം ഉറപ്പു വരുത്തും എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഒരു ഉറപ്പു നൽകുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഗവൺമെന്റ് സ്കൂളുകളും പ്രൈവറ്റ് സ്കൂളുകളും തുല്യമായിട്ടാണ് കൊടുത്തിട്ടുള്ളത്.

മി. സ്പീക്കർ: ഗവൺമെന്റ് സ്കൂളുകൾക്ക് വല്ല ജാതിയും മതവും ഉണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, അങ്ങ് ചോദിച്ചത് വളരെ പ്രധാനപ്പെട്ടതാണ്. ഈ രാജ്യത്ത് അഡ്മിഷൻ എല്ലാ സ്കൂളുകളിലും എല്ലാവർക്കും കിട്ടും. അതാത് പ്രദേശത്ത് ഒരു പ്രത്യേക സ്കൂളിൽ ഏതെങ്കിലും സമുദായത്തിൽപ്പെട്ട ആളുകൾ മാത്രമല്ല ചേരുന്നത്. കേരളത്തിലെ 1,06,000 സീറ്റിന്റെ സ്ഥാനത്ത് 1,50,000 സീറ്റുകൾ പ്രീഡിഗ്രിക്ക് വരുമ്പോൾ ഇവിടെ അഡ്മിഷൻ കിട്ടാനാഗ്രഹിക്കുന്ന മിക്കവാറും എല്ലാ കുട്ടികൾക്കും കിട്ടും. ആകെ രണ്ടര ലക്ഷമല്ലേ പാസാകുന്നുള്ളൂ. ബാക്കി എത്രയോ കോഴ്സുകളുണ്ട്. ഐ.ടി.സി., പോളിടെക്നിക്, പാരാമെഡിക്കൽ കോഴ്സ്. അതുകൊണ്ട് ഈ കാര്യത്തിൽ കേരളമാണ് മുഴുവനും ഇതുപോലെ പഠനസൗകര്യം വർദ്ധിപ്പിച്ച ഒരു സംസ്ഥാനം. കഴിഞ്ഞ വർഷം തന്നെ പ്ലസ്ടു-ഉം, പ്രീഡിഗ്രിയും കൂടി 1,44,000 സീറ്റുണ്ട്. ഇവിടെ ആർക്കാണ് അഡ്മിഷൻ കിട്ടാതെ പോയത് ? 40000 സീറ്റുകൾ വർദ്ധിപ്പിച്ചു. അടുത്ത വർഷം കുറേക്കൂടി വർദ്ധിപ്പിക്കുന്ന സമീപനമാണ് എടുക്കുന്നത്. പ്രൈവറ്റിലും ഗവൺമെന്റ് സ്കൂളുകളിലുമായി അഡ്മിഷൻ കിട്ടാനാഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും അഡ്മിഷൻ കിട്ടും. എത്ര വർദ്ധനവാണ് പോളിടെക്നിക്കിൽ വരുത്തിയിരിക്കുന്നത്. പ്രൊഫഷണൽ കോളേജുകളിലും സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി.സി., പാരാമെഡിക്കൽ കോഴ്സുകളുമുണ്ട്. കുറേ കുട്ടികൾ സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കും. സംസ്ഥാനത്തിന് പുറത്ത് പഠിക്കാൻ ആഗ്രമില്ലാത്തവരുണ്ട്. ഇതിനു പുറമേ 20,000 സീറ്റുകൾ ഇവിടുത്തെ വി.എച്ച്.എസ്.സിക്ക് ഉണ്ട്. വി.എച്ച്.എസ്.സിക്ക് 4,000-ത്തോളം സീറ്റുകൾ വർദ്ധിപ്പിക്കാൻ പോകുകയാണ്. എല്ലാ സ്കൂളുകളിലും കുട്ടികൾ ഉണ്ടായിരിക്കണം എന്നതാണ് പ്രശ്നം.

ശ്രീ. ടി. എം. ജേക്കബ് : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഹയർ സെക്കണ്ടറി കോഴ്സുകൾ ആരംഭിക്കാൻ വേണ്ടി അപേക്ഷ ക്ഷണിച്ച അവസരത്തിൽ മുൻവർഷങ്ങളിൽ അൺ എയ്ഡഡ് സ്കൂളുകളിലെ അപേക്ഷ ക്ഷണിച്ചിരുന്നില്ല. ഈ വർഷം കഴിഞ്ഞ ആറാം തീയതി അവസാനിച്ച സമയംവച്ച് അൺ എയ്ഡഡ് സ്കൂളുകളിൽനിന്നുകൂടി ഈ ഗവൺമെന്റ് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷകൾ കിട്ടുകയും ചെയ്തു. ഇങ്ങനെ അപേക്ഷകൾ ക്ഷണിച്ച സാഹചര്യത്തിൽ അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടു കൊടുക്കാൻ പാടില്ലെന്ന് എൽ.ഡി.എഫ്. ഒരു തീരുമാനം എടുത്തതായി പത്രങ്ങളിൽ വായിച്ചു. എനിക്കറിയില്ല. ഞങ്ങൾക്കറിയേണ്ടത് ഇടതുപക്ഷ മുന്നണി സർക്കാർ അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടു കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മി. സ്പീക്കർ : ആ ചോദ്യം ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഇല്ല. അദ്ദേഹം പറഞ്ഞത് മെറിറ്റ് അടിസ്ഥാനത്തിലാണ്. എന്റെ ചോദ്യം അപേക്ഷ ക്ഷണിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ വർഷം ഏതെങ്കിലും അൺ എയ്ഡഡ് സ്കൂളുകളിൽ നയപരമായി കൊടുക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഞാൻ പറഞ്ഞു, ഓരോ അപേക്ഷകളും പരിശോധിക്കും. ആവശ്യമെങ്കിൽ കൊടുക്കണമെന്നുള്ള നിലയ്ക്കാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : ഇന്നത്തെ ചർച്ച ഉയർന്നുവരുന്നത് കേട്ടാൽ കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ഏറ്റവും വലിയ പ്രശ്നം പ്ലസ് ടൂ ആണെന്നാണ് തോന്നുന്നത്. പ്ലസ് ടൂ സ്കൂളുകളുടെ വാശിക്ക് പിന്നിലുള്ളത് നിയമനങ്ങളിൽ കോഴ വാങ്ങിക്കാനുള്ള വ്യഗ്രതയാണ്. അതുകൊണ്ട് നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ? അതുപോലെ വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങിയ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് മുൻഗണന നൽകാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇപ്പോൾ നിലവിലുള്ള രീതിയൊന്നും മാറ്റാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

മി. സ്പീക്കർ : ചോദ്യം 392

സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ പ്രവർത്തനം

2 (*392) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വകുപ്പിന്റെ പ്രവർത്തനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തി എന്ന് വെളിപ്പെടുത്തുമോ ;

(സി) 'കേരള സംസ്കാര ചരിത്രം' പ്രസിദ്ധീകരിക്കുന്നതിന്റെ മുന്നോടിയായി പ്രസ്തുത വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചരിത്രവൈജ്ഞാനിക മേഖലയിൽപ്പെട്ട ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ;

(ഇ) പ്രസ്തുത ഗ്രന്ഥങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(എഫ്) ഉത്തമ പഠനഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിന് വകുപ്പ് എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly